**ഇന്ത്യ-ജപ്പാൻ ഇക്കണോമിക് ഫോറത്തിൽ പ്രധാനമന്ത്രി പങ്കെടുത്തു (ആഗസ്ത് 29, 2025)**

ആഗസ്ത് 29, 2025

2025 ആഗസ്റ്റ് 29-ന് ടോക്കിയോയിൽ കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രിയും കെയ്ഡൻറെനും [ജപ്പാൻ ബിസിനസ് ഫെഡറേഷൻ] സംഘടിപ്പിച്ച ഇന്ത്യ-ജപ്പാൻ ഇക്കണോമിക് ഫോറത്തിൽ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിയും ജപ്പാൻ പ്രധാനമന്ത്രി ശ്രീ. ഷിഗേരു ഇഷിബയും പങ്കെടുത്തു.  ഇന്ത്യ-ജപ്പാൻ ബിസിനസ് ലീഡേർസ് ഫോറത്തിന്റെ CEO-കൾ ഉൾപ്പെടെ ഇന്ത്യയിൽ നിന്നും ജപ്പാനിൽ നിന്നുമുള്ള മുൻനിര വ്യവസായ പ്രമുഖർ യോഗത്തിൽ പങ്കെടുത്തു.

2. ഇന്ത്യ-ജപ്പാൻ പ്രത്യേക തന്ത്രപരവും ആഗോളവുമായ പങ്കാളിത്തത്തിന്റെ വിജയം പ്രത്യേകിച്ച് നിക്ഷേപം, നിർമ്മാണം, സാങ്കേതികവിദ്യ എന്നീ മേഖലകളിലെ ഉഭയകക്ഷി സഹകരണം പ്രധാനമന്ത്രി തന്റെ പ്രസംഗത്തിൽ എടുത്തുപറഞ്ഞു.  ഇന്ത്യയിലെ സാന്നിധ്യം കൂടുതൽ മെച്ചപ്പെടുത്താൻ ജാപ്പനീസ് കമ്പനികളെ ക്ഷണിച്ച അദ്ദേഹം ഇന്ത്യയുടെ വളർച്ച അവർക്ക് ആവേശകരമായ അവസരങ്ങളാണ് നൽകുന്നതെന്ന് അഭിപ്രായപ്പെട്ടു.  നിലവിലെ പ്രക്ഷുബ്ധമായ ആഗോള സാമ്പത്തിക സാഹചര്യത്തിന്റെ പശ്ചാത്തലത്തിൽ വിശ്വസ്തരായ സുഹൃത്തുക്കൾ തമ്മിലുള്ള സാമ്പത്തിക പങ്കാളിത്തം കൂടുതൽ ആഴത്തിലാക്കേണ്ടതിന്റെ ആവശ്യകത അദ്ദേഹം പറഞ്ഞു.  രാഷ്ട്രീയ സ്ഥിരത, നയങ്ങളുടെ പ്രവചനാത്മകത, പരിഷ്കാരങ്ങളോടുള്ള പ്രതിബദ്ധത, സുഗമമായ ബിസിനസ് നടത്തിപ്പ് എന്നിവ ഇന്ത്യൻ വിപണിയിൽ നിക്ഷേപിക്കുന്നവർക്ക് പുതിയ ആത്മവിശ്വാസം നൽകിയെന്ന് പ്രധാനമന്ത്രി ഊന്നിപ്പറഞ്ഞു, ആഗോള ഏജൻസികൾ പുറത്തിറക്കിയ ഇന്ത്യയുടെ ഏറ്റവും പുതിയ ക്രെഡിറ്റ് റേറ്റിംഗിൽ ഇത് വ്യക്തമാണ്.

3. ഇന്ത്യയും ജപ്പാനും തമ്മിൽ നൂതന സാങ്കേതികവിദ്യകൾ, നിർമ്മാണം, നിക്ഷേപങ്ങൾ, മാനവ വിഭവശേഷി കൈമാറ്റം എന്നിവയിലെ സഹകരണത്തിനുള്ള പ്രധാന സാധ്യതകൾ അടിവരയിട്ട പ്രധാനമന്ത്രി ആഗോള വളർച്ചയിൽ ഇന്ത്യ ഏകദേശം

18% സംഭാവന ചെയ്യുന്നുണ്ടെന്നും ഏതാനും വർഷങ്ങൾക്കുള്ളിൽ രാജ്യം ലോകത്തിലെ മൂന്നാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയായി മാറുമെന്നും പറഞ്ഞു. രണ്ടു സമ്പദ്‌വ്യവസ്ഥകളിലെയും പരസ്പരം പൂരകമാകുന്ന മേഖലകൾ തിരിച്ചറിഞ്ഞ് മേക്ക് ഇൻ ഇന്ത്യയിലും മറ്റ് സംരംഭങ്ങളിലും ജപ്പാനും ഇന്ത്യയും തമ്മിലുള്ള മികച്ച ബിസിനസ് സഹകരണത്തിനുള്ള അഞ്ച് പ്രധാന മേഖലകൾ അദ്ദേഹം എടുത്തുകാണിച്ചു. അവ ഇനിപ്പറയുന്നവയാണ്: i] ബാറ്ററികൾ, റോബോട്ടിക്സ്, സെമികണ്ടക്ടറുകൾ, കപ്പൽ നിർമ്മാണം, ആണവോർജ്ജം എന്നീ മേഖലകളിലെ നിർമ്മാണം; ii] AI, ക്വാണ്ടം കമ്പ്യൂട്ടിംഗ്, സ്പേസ്, ബയോടെക് എന്നിവയുൾപ്പെടെ സാങ്കേതികവിദ്യയിലും നൂതനാശയത്തിലും സഹകരണം; iii] ഹരിത ഊർജ്ജ പരിവർത്തനം; iv] മൊബിലിറ്റി, ഹൈ സ്പീഡ് റെയിൽ, ലോജിസ്റ്റിക്സ് എന്നിവയുൾപ്പെടെയുള്ള നൂതന അടിസ്ഥാന സൗകര്യങ്ങൾ; iv] നൈപുണ്യ വികസനവും ജനങ്ങൾ തമ്മിലുള്ള ബന്ധവും. പ്രധാനമന്ത്രിയുടെ പൂർണ്ണ പരാമർശങ്ങൾ ഇവിടെ കാണാം [Link]

4. ഇന്ത്യൻ പ്രതിഭകളുടെയും ജാപ്പനീസ് സാങ്കേതികവിദ്യയുടെയും പങ്കാളിത്തത്തിലൂടെ ശക്തമായ വിതരണ ശൃംഖലകൾ നിർമ്മിക്കുന്നതിൽ ജാപ്പനീസ് കമ്പനികൾക്കുള്ള താൽപ്പര്യം പ്രധാനമന്ത്രി ഇഷിബ തന്റെ പ്രസംഗത്തിൽ ചൂണ്ടിക്കാട്ടി. ഇന്ത്യയും ജപ്പാനും തമ്മിലുള്ള മൂന്ന് മുൻഗണനകൾ അദ്ദേഹം അടിവരയിട്ടു: P2P പങ്കാളിത്തം ശക്തിപ്പെടുത്തൽ, സാങ്കേതികവിദ്യയുടെ സംയോജനം, ഹരിത സംരംഭങ്ങളും വിപണിയും, ഉന്നതവും ഉയർന്നുവരുന്നതുമായ സാങ്കേതികവിദ്യകളിലെ, പ്രത്യേകിച്ച് സെമികണ്ടക്ടർ ഉൾപ്പെടെയുള്ള നിർണായക മേഖലകളിലെ സഹകരണം.

5. 12-ാമത് ഇന്ത്യ ജപ്പാൻ ബിസിനസ് ലീഡേഴ്സ് ഫോറത്തിന്റെ (IJBLF) റിപ്പോർട്ട് IJBLF ന്റെ സഹ-അധ്യക്ഷന്മാർ ഇരു നേതാക്കൾക്കും മുന്നിൽ അവതരിപ്പിച്ചു. ഇന്ത്യൻ, ജാപ്പനീസ് വ്യവസായങ്ങൾ തമ്മിലുള്ള വളർന്നുവരുന്ന പങ്കാളിത്തത്തെ എടുത്തുകാണിച്ചുകൊണ്ട്, ജപ്പാൻ എക്സ്റ്റേണൽ ട്രേഡ് ഓർഗനൈസേഷന്റെ (JETRO) ചെയർമാനും CEO-യുമായ ശ്രീ. നോറിഹിക്കോ ഇഷിഗുറോ, സ്റ്റീൽ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ബഹിരാകാശം, വിദ്യാഭ്യാസം, കഴിവുകൾ, ശുദ്ധമായ ഊർജ്ജം, മാനവ വിഭവശേഷി കൈമാറ്റം തുടങ്ങിയ മേഖലകളിൽ

ഇന്ത്യൻ, ജാപ്പനീസ് കമ്പനികൾ തമ്മിൽ വിവിധ B2B ധാരണാപത്രങ്ങൾ ഒപ്പുവച്ചതായി പ്രഖ്യാപിച്ചു.

**ടോക്കിയോ**

**ആഗസ്ത് 29, 2025**